**Kerala State Haj Committee**
**HAJ HOUSE, P.O. CALICUT AIRPORT,**
**MALAPPURAM Dist., KERALA-673 647.**

**Phone: 0483-2710717, 2717571**
**Fax: 0483 -2717572**
**Website: keralahajcommittee.org**
**E-mail: keralahajcommittee@gmail.com**

Ref:H2/Haj Trainers/2019 Date : 04-10-2018

# ഹജ്ജ് - 2019 ട്രെയിനേർസിനുള്ള അപേക്ഷ ക്ഷണിച്ചു.

കരിപ്പൂർ : ഹജ്ജ് - 2019 ട്രെയിനർമാരായി പ്രവർത്തിക്കുവാൻ താത്പര്യമുള്ളവരിൽ നിന്ന് അപേക്ഷ ക്ഷണിച്ചു. താഴെ പറയുന്ന ജോലികൾ യാതൊരു പ്രതിഫലവും കൂടാതെ നിർവ്വഹിക്കാൻ താത്പര്യമുള്ളവർ **2018** ഒക്ടോബർ **9** നകം എക്സി ക്യുട്ടീവ് ഓഫീസർ, കേരള സ്റ്റേറ്റ് ഹജ്ജ് കമ്മിറ്റി, കലിക്കറ്റ് എയർപോർട്ട്, പി.ഒ. മലപ്പുറം-673647 എന്ന വിലാസത്തിൽ നിശ്ചിത ഫോറത്തിൽ, പാസ്പോർട്ട് സൈസ് ഫോട്ടോ സഹിതം നേരിട്ടോ തപാൽ വഴിയോ സമർപ്പിക്കവുന്നതാണ്. അപേക്ഷ ഫോറത്തിന്റെ മാതൃക www.keralahajcommittee.org എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. നിശ്ചിത ഫോറത്തിലല്ലാത്തതും അവ്യക്തവും അപൂർണ്ണവുമായ അപേക്ഷകളും നിശ്ചിത തിയ്യതിക്ക് ശേഷം ലഭിക്കുന്ന അപേക്ഷകളും പരിഗണിക്കുന്നതല്ല. ഇടക്ക് വെച്ച് ട്രൈനർ സേവനത്തിൽ നിന്ന് ഒഴിവായവരും ഒഴിവാക്കപ്പെട്ടവരും ഈ വർഷം അപേക്ഷിക്കുവാൻ അർഹരല്ല.

## യോഗ്യത

1. 9/10/2018 ന് 50 വയസ്സ് കവിയരുത്
2. ഹജ്ജ് കർമ്മം നിർവ്വഹിച്ചവരായിരിക്കണം
3. കമ്പ്യൂട്ടർ പരിഞ്ജാനമുണ്ടായിരിക്കണം

## ട്രെയിനേഴ്സ് ഇന്റർവ്യൂ

| | |
|---|---|
| 11/10/2018 ( വ്യാഴം) – രാവിലെ 10 മണി മുതൽ | കോഴിക്കോട്, കണ്ണൂർ, കസാർഗോഡ്, വയനാട് ജില്ലകളിൽ നിന്നുള്ള അപേക്ഷകർ **ഹജ്ജ് ഹൗസിൽ** ഇന്റർവ്യൂവിനായി ഹാജരാകേണ്ടതാണ് |
| 12/10/2018 ( വെള്ളി) – രാവിലെ 10 മണി മുതൽ | മലപ്പുറം, പാലക്കാട് ജില്ലകളിൽ നിന്നുള്ള അപേക്ഷകർ **ഹജ്ജ് ഹൗസിൽ** ഇന്റർവ്യൂവിനായി ഹാജരാകേണ്ടതാണ്. |
| 13/10/2018 ( ശനി) – രാവിലെ 10 മണി മുതൽ | തൃശ്ശൂർ, എറണാകുളം, കോട്ടയം, ആലപ്പുഴ, ഇടുക്കി, പത്തനംതിട്ട, കൊല്ലം, തിരുവനന്തപുരം ജില്ലകളിൽ നിന്നുള്ള അപേക്ഷകർ എറണാകുളത്ത് കലൂരിലുള്ള **വഖഫ് ബോർഡിന്റെ ഓഫീസിൽ** ഇന്റർവ്യൂവിനായി ഹാജരാകേണ്ടതാണ്. |

## ട്രെയിനേഴ്സിനുള്ള ചുമതലകൾ:

1) ഹജ്ജ് അപേക്ഷകർക്ക് വേണ്ടുന്ന എല്ലാ മാർഗ നിർദ്ദേശങ്ങളും നൽകലും അപേക്ഷയും അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകളും കൃത്യമായും സമയ ബന്ധിതമായും ഹജ്ജ് കമ്മിറ്റി ഓഫീസ്സിൽ എത്തിക്കാനാവശ്യമായ നിർദേശങ്ങൾ നൽകലുമാണ് പ്രഥമവും പ്രധാനവുമായ കർത്തവ്യം. ഹജ്ജ് അപേക്ഷ ലഭ്യമാക്കലും പൂരിപ്പിച്ച് നൽകലും വേണ്ട രേഖകളെക്കുറിച്ച് വിവരം നൽകലുമെല്ലാം ഇതിലുൾപ്പെടും.

ഹജ്ജിന്റെ അപേക്ഷ നൽകാനുദ്ദേശിക്കുന്നവർക്കുള്ള ക്ലാസ്സ് അവരവർക്ക് നിശ്ചയിക്കുന്ന സ്ഥലത്ത് സന്നദ്ധ സംഘടനകളുടേയും വ്യക്തികളുടേയും സഹായത്തോടെ സംഘടിപ്പിക്കുക.

2) ഹജ്ജിന് സെലക്ഷൻ ലഭിച്ചവർക്ക് വേണ്ടുന്ന നിർദ്ദേശങ്ങൾ നൽകുകയും രേഖകൾ സമർപ്പിക്കുന്നതിനും മറ്റും സഹായിക്കുകയും തെരഞ്ഞെടുക്കപ്പെട്ടവർക്ക് സന്നദ്ധ സംഘടനകളുടേയും വ്യക്തികളുടെയും സഹായത്തോടെ മൂന്ന് ഘട്ടങ്ങളിലായി പരിശീലന ക്ലാസ്സുകൾ നൽകുകയും മെഡിക്കൽ ക്യാമ്പും കുത്തിവെപ്പ് ക്യാമ്പും സംഘടിപ്പിക്കുകയും ചെയ്യുക.

3) ഹജ്ജ് യാത്രക്ക് വേണ്ടുന്ന തയ്യാറെടുപ്പ് നടത്താൻ സഹായിക്കുകയും ഹജ്ജ് കമ്മിറ്റിയിൽ നിന്ന് ലഭിക്കുന്ന വിവരങ്ങൾ അപ്പപ്പോൾ ഹാജിമാരെ അറിയിക്കുകയും ചെയ്യുക

4) ഹജ്ജ് കമ്മിറ്റി ഏൽപ്പിക്കുന്ന മറ്റ് ചുമതലകളും

(ഒപ്പ്)
ജില്ലാ കളക്ടർ & എക്സിക്യൂട്ടീവ് ഓഫീസർ
കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റി

.